ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 25.07.2025 | TIME :07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശപര്യടനം തുടരുന്നു ; ഇന്ന് മാൽദീവ്സിലെത്തുന്ന പ്രധാനമന്ത്രി പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.

   **PM Narendra Modi Continues Foreign Tour; To Meet Maldivian President Mohamed Muizzu Today**

2. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇരട്ടത്താപ്പുകൾക്ക് സ്ഥാനമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **No Place for Double Standards in Fight Against Terrorism: PM Narendra Modi**

3. വ്യാപാരം, നിക്ഷേപം, തൊഴിൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നാഴികക്കല്ലാണ് ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാർ എന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ.

   **India-UK Free Trade Agreement a Milestone to Boost Trade, Investment, and Employment, says Union Minister Piyush Goyal**

4. കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. ഇന്ന് 6 ജില്ലകളിൽ ഓറഞ്ച് ജാഗ്രത ; മത്സ്യബന്ധനത്തിന് വിലക്ക്.

   **IMD Forecasts Continued Heavy Rain in Kerala; Orange Alert in 6 Districts, Fishing Banned.**

5. ഫിഡെ വനിതാ ചെസ് ലോകകപ്പ് ഫൈനലിൽ ഇന്ത്യയുടെ ദിവ്യ ദേശ്മുഖും കൊനേരു ഹംപിയും ഏറ്റുമുട്ടും.

**India's Divya Deshmukh and Koneru Humpy to Clash in FIDE Women's Chess World Cup Final.**

*********************************

## PM – MALDIVES

വിദേശ പര്യടനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മാൽദീവ്സിലെത്തും. പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഇന്ത്യ - മാൽദീവ്സ് സമഗ്ര സാമ്പത്തിക സുരക്ഷാ സമുദ്ര പങ്കാളിത്തത്തിന്റെ പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്യും. മാൽദീവ്സിലെ മറ്റ് നേതാക്കളുമായും പ്രധാനമന്ത്രി വിവിധ ഉഭയകക്ഷി വിഷയങ്ങൾ ചർച്ച ചെയ്യും. മാൽദീവ്സിൻറെ 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ പ്രധാനമന്ത്രി നാളെ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

*********************************

## PM – UK ( INTRO)

ഇന്ത്യയും യുകെയും സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ലണ്ടനിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് കരാറിൽ ഒപ്പുവെച്ചത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ ചരിത്രപരമായ ദിവസമാണിതെന്ന് സംയുക്ത പ്രസ്താവനയിൽ ശ്രീ നരേന്ദ്ര മോദി പറഞ്ഞു. ജനാധിപത്യത്തെ ദുരുപയോഗം ചെയ്യാൻ ഭീകരവാദ ശക്തികളെ അനുവദിക്കരുതെന്ന് പറഞ്ഞ അദ്ദേഹം പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് നന്ദി അറിയിച്ചു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇരട്ടത്താപ്പുകൾക്ക് സ്ഥാനമില്ലെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

( വോയിസ്....)

*********************************************

## PM MODI - KING CHARLES

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഇംഗ്ലണ്ടിലെ സാൻഡ്രിംഗ്ഹാം എസ്റ്റേറ്റിൽ ചാൾസ് മൂന്നാമനെ സന്ദർശിച്ചു. ഏക് പേട് മാ കേ നാം കാമ്പെയ്നിന്റെ ഭാഗമായി അദ്ദേഹത്തിന് പ്രധാനമന്ത്രി വൃക്ഷത്തൈ സമ്മാനിച്ചു. ആയുർവേദം, യോഗ, ഇന്ത്യ - യുകെ ഉഭയകക്ഷി ബന്ധം തുടങ്ങിയവ ഇരുവരും ചർച്ച ചെയ്തു.

*********************************************

## PIYUSH GOYAL-LONDON ( INTRO)

വ്യാപാരം, നിക്ഷേപം, തൊഴിൽ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നാഴികക്കല്ലാണ് ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാർ എന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ലണ്ടനിൽ പ്രസാർ ഭാരതി ലേഖകൻ നടത്തിയ പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കരാർ കർഷകർ, ചെറുകിട ബിസിനസുകാർ, എംഎസ്എംഇ മേഖലകൾ, സ്റ്റാർട്ടപ്പുകൾ, മറ്റ് സേവന മേഖലകൾ എന്നിവയ്ക്ക് ഗുണം ചെയ്യുമെന്ന് ശ്രീ ഗോയൽ പറഞ്ഞു.

( വോയിസ്....)

കരാർ യാഥാർത്ഥ്യമായതോടെ അനേകം ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് യുകെയിൽ മികച്ച വിപണി ലഭ്യമാകുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. മൂന്ന് വർഷത്തേക്ക് ഹ്രസ്വകാല ജോലികൾക്കായി യുകെയിൽ എത്തുന്ന ഇന്ത്യക്കാർക്കും സ്വതന്ത്ര വ്യാപാര കരാർ പ്രയോജനകരമാണെന്നും അദ്ദേഹം വ്യക്തമാക്കി.

*********************************************

## PARLIAMENT

ബിഹാർ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർലമെന്റിൽ ഇന്നലെയും പ്രതിപക്ഷ പ്രതിഷേധം. പ്രതിഷേധം തുടർന്നതോടെ ലോക്സഭാ പിരിയുന്നതായി സ്പീക്കർ ഓം ബിർള അറിയിച്ചു. രാജ്യസഭയിൽ ബില്ലുകൾ പരിഗണനയ്ക്ക് എടുത്തെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ പിരിയുകയായിരുന്നു.

*************************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പരിപാടിയിലേക്ക് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

*************************************

## KARGIL VIJAY DIWAS

കാർഗിൽ വിജയ് ദിവസ് ആഘോഷങ്ങൾക്ക് മുന്നോടിയായി, 1999 ലെ കാർഗിൽ യുദ്ധത്തിൽ ഇന്ത്യൻ സായുധ സേനയുടെ ത്യാഗങ്ങളെ സ്മരിക്കുന്ന ചടങ്ങുകൾ ഇന്ന് കാർഗിലിലെ ദ്രസ്സിൽ സംഘടിപ്പിക്കും. നാളെയാണ് 26-ാമത് കാർഗിൽ വിജയ് ദിവസ്. ചടങ്ങിന്റെ ഭാഗമായി സോജില യുദ്ധ സ്മാരകത്തിൽ ദേശീയ പതാക ഉയർത്തും. വീരമൃത്യു വരിച്ച ജവാന്മാരെ അനുസ്മരിക്കുന്ന ചടങ്ങിൽ അവരുടെ കുടുംബങ്ങളും പങ്കെടുക്കും.

*************************************

## PENSION DISTRIBUTION

കേരളത്തിൽ ജൂലൈ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം ഇന്ന് ആരംഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 831 കോടി രൂപ അനുവദിച്ചു.

**********************************

## CABINET DECISIONS

കേരളത്തിൽ ഏറ്റവും കൂടുതൽ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ തസ്തിക സൃഷ്ടിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ രണ്ടാംഘട്ട ക്യാമ്പസ് നിർമാണത്തിനായി 28 ഏക്കർ ഭൂമി കൈമാറാനും ധാരണയായി. മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നിര്യാണത്തിൽ മന്ത്രിസഭായോഗം ദുഃഖം രേഖപ്പെടുത്തി.

**********************************

## KARIPUR

കരിപ്പൂർ വിമാനത്താവളം വഴി കടത്താൻ ശ്രമിച്ച 23 കിലോ ഹൈബ്രിഡ് കഞ്ചാവ് എയർ കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം പിടികൂടി. സംഭവത്തിൽ ദുബായിൽനിന്നെത്തിയ കണ്ണൂർ പയ്യന്നൂർ സ്വദേശിനി മഷൂദ ഷുഹൈബിനെ കസ്റ്റംസ് അറസ്റ്റ് ചെയ്തു.

**********************************

## TANKER LORRY – KASARGOD

കാസർഗോഡ്, കാഞ്ഞങ്ങാട് സൗത്തിൽ മറിഞ്ഞ 18 ടണ്ണോളം ഭാരമുള്ള കൂറ്റൻ ടാങ്കർ ലോറി ഉയർത്തിയെടുക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. ഇന്ന് വളപട്ടണത്ത് നിന്ന് പ്രത്യേക ഉപകരണങ്ങൾ എത്തിക്കും. അപകടത്തെ തുടർന്ന് പ്രാദേശിക അവധി നൽകിയ കാഞ്ഞങ്ങാട് നഗരസഭയിലെ 18, 19, 26 വാർഡുകളിലും മുൻകരുതൽ നിർദേശങ്ങൾ നൽകും.

**********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

************************************

## AMIT SHAH – COOPERATIVE POLICY

ദേശീയ സഹകരണ നയം 2025 കേന്ദ്രമന്ത്രി അമിത് ഷാ ഇന്നലെ ന്യൂഡൽഹിയിൽ പുറത്തിറക്കി. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ ദേശീയ സഹകരണ നയം നിർണായക സംഭാവനകൾ നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

************************************

## EVM TESTING

കേരളത്തിലെ തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ ആദ്യഘട്ട പരിശോധന ഇന്ന് മുതൽ ആഗസ്റ്റ് 25 വരെ നടക്കും. തിരുവനന്തപുരം ജില്ലയിൽ 4,711 കൺട്രോൾ യൂണിറ്റുകളും 11,973 ബാലറ്റ് യൂണിറ്റുകളുമാണ് പരിശോധിക്കുക. കണ്ണൂർ ജില്ലയിലെ വോട്ടിംഗ് യന്ത്രങ്ങളുടെ ആദ്യഘട്ട പരിശോധന ആഗസ്റ്റ് ഒന്ന് മുതൽ നടക്കും.

************************************

## WEATHER – KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. ഇന്ന് 6 ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. മഴ മുന്നറിയിപ്പിനെ തുടർന്ന് ഇന്ന് ഇടുക്കി, എറണാകുളം ജില്ലകളിലെയും കോട്ടയം, കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്. ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം നെയ്യാർ ഡാമിന്റെ നാല് ഷട്ടറുകൾ രാവിലെ 10 ന് ഉയർത്തും. ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

************************************

## IMD WEATHER

അതിതീവ്ര മഴ മുന്നറിയിപ്പുള്ളതിനാൽ ഒഡീഷ, പശ്ചിമ ബംഗാൾ, മഹാരാഷ്ട്രയുടെ ചില ഭാഗങ്ങൾ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. രാജ്യത്തിന്റെ തെക്കൻ മേഖലയിലും അടുത്ത 5 ദിവസങ്ങളിൽ അതിശക്തമായ മഴയുണ്ടാകും.

*********************************************

## CHESS- WOMEN FIDE

ജോർജിയയിലെ ബറ്റുമിയിൽ നടക്കുന്ന ഫിഡെ വനിതാ ചെസ് ലോകകപ്പ് ഫൈനലിൽ രണ്ട് ഇന്ത്യൻ താരങ്ങൾ ഏറ്റുമുട്ടും. ഇന്നലെ നടന്ന സെമിഫൈനലിൽ ചൈനീസ് എതിരാളികളെ പരാജയപ്പെടുത്തി ഇന്ത്യയുടെ ദിവ്യ ദേശ്മുഖ്, കൊനേരു ഹംപി എന്നിവരാണ് നാളെ നടക്കുന്ന ഫൈനലിൽ മത്സരിക്കുന്നത്.

*********************************************

## HULK HOGAN DEATH

ഡബ്ല്യു ഡബ്ല്യു ഇ റസ്ലിംഗ് ഇതിഹാസം ഹൾക്ക് ഹോഗൻ അന്തരിച്ചു. 71 വയസായിരുന്നു. ഹൃദയാഘാതത്തെത്തുടർന്നാണ് മരണമെന്നാണ് റിപ്പോർട്ട്. ആറ് തവണ വേൾഡ് റസ്ലിംഗ് എന്റർടെയിൻമെന്റ് ചാമ്പ്യനായിട്ടുണ്ട്.

*********************************************

## TOURIST DIE - IDUKKI

ഇടുക്കിയിൽ വാഗമണ്ണിന് സമീപം കൊക്കയിൽ കാൽ വഴുതി വീണ് വിനോദ സഞ്ചാരി മരിച്ചു. എറണാകുളം സ്വദേശി തോബിയാസാണ് മരിച്ചത്. തൊടുപുഴ, മൂലമറ്റം ഫയർ ഫോഴ്സ് ഏറെ സാഹസികമായി മണിക്കൂറുകൾ നീണ്ട ശ്രമത്തിനൊടുവിലാണ് മൃതദേഹം പുറത്തെത്തിച്ചത്.

*********************************************

## PM RUSSIA CRASH

റഷ്യയിലുണ്ടായ വിമാനാപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങളോട് അനുശോചനം അറിയിച്ച പ്രധാനമന്ത്രി റഷ്യയോടും അവിടുത്തെ ജനങ്ങളോടും ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായും പറഞ്ഞു.

*********************************

## FRANCE- RECOGNIZE PALESTINE

പലസ്തീനെ ഒരു രാഷ്ട്രമായി ഔദ്യോഗികമായി അംഗീകരിക്കുമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പറഞ്ഞു. മദ്ധ്യേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കുന്നത് ലക്ഷ്യമിട്ട്, സെപ്റ്റംബറിൽ നടക്കുന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ ഫ്രാൻസ് ഈ പ്രഖ്യാപനം നടത്തുമെന്ന് അദ്ദേഹം പ്രസ്താവിച്ചു. അതേസമയം, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു തീരുമാനത്തെ വിമർശിച്ചു.

*********************************

## PM - HIMACHAL ACCIDENT

ഹിമാചൽ പ്രദേശിലെ മാണ്ഡിയിലുണ്ടായ അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. അപകടത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്നും അദ്ദേഹം അറിയിച്ചു. ഇന്നലെ മണ്ഡി ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ 8 പേർ മരിക്കുകയും 21 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

*********************************

## LS-RECRUITMENT

പാർലമെന്റിൽ കരാർ അടിസ്ഥാനത്തിൽ 200 ഡാറ്റാ എൻട്രി ഓപ്പറേറ്റർ, മൾട്ടി ടാസ്കിംഗ് ജീവനക്കാരെ നിയമിക്കുന്നതായി അവകാശപ്പെടുന്ന വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് സന്ദേശങ്ങൾ വ്യാജമാണെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് അറിയിച്ചു. അത്തരമൊരു റിക്രൂട്ട്മെന്റ് നോട്ടീസ് നൽകിയിട്ടില്ലെന്ന് വ്യക്തമാക്കിയ സെക്രട്ടേറിയറ്റ് തട്ടിപ്പുകളിൽ തെറ്റിദ്ധരിക്കപ്പെട്ട് പണം നൽകരുതെന്ന് ജനങ്ങളോട് അഭ്യർത്ഥിച്ചു.

*************************************

## EC-SIR BIHAR

ബീഹാറിലെ 99 ശതമാനം വോട്ടർമാരെയും വോട്ടർ പട്ടിക പരിഷ്കരണത്തിന് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. അടുത്ത മാസം 1 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുമെന്ന് കമ്മിഷൻ അറിയിച്ചു. കരട് പട്ടിക കമ്മീഷന്റെ വെബ്സൈറ്റിലും ലഭ്യമാകും.

**************************************************************************